(സി) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ, വിവിധ സർക്കാർ വകുപ്പുകൾ, പ്രാദേശിക യുവജന സംഘടനകൾ, യൂത്ത് ആർട്സ് & സ്പോർട്സ് ക്ലബ്ബുകൾ എന്നിവയുടെ സഹകരണത്തോടെ യുവശക്തി പദ്ധതികളിൽ കൂടുതൽ ബഹുജന പങ്കാളിത്തം ഉറപ്പുവരുത്തുന്നതിന് നടപടി സ്വീകരിച്ചു വരുന്നു.

(ഡി) അനുബന്ധമായി ചേർത്തിരിക്കുന്നു *

(ഇ) യൂത്ത് സെന്ററുകളുടെ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുവാൻ തദ്ദേശസ്വയംഭരണ സ്ഥാപനതലത്തിൽ യൂത്ത് കോ-ഓർഡിനേഷൻ കമ്മിറ്റികളും, പ്രസ്തുത കമ്മിറ്റി നിശ്ചയിക്കുന്ന പ്രവർത്തനങ്ങളെ ഏകോപിപ്പിക്കുന്നതിനായി യൂത്ത് കോ-ഓർഡിനേറ്റർമാരെയും നിയമിച്ചിട്ടുണ്ട്. ഇതിനുപുറമെ ഉപദേശക സമിതികളും യുവശക്തി പദ്ധതിയുടെ ഭാഗമായി നിലവിലുണ്ട്.

(എഫ്) ഇതിന്റെ പ്രാരംഭ പ്രവർത്തനങ്ങൾ നടന്നുവരുന്നു.

**നാഷണൽ ടെക്സ്റ്റൈൽ കോർപ്പറേഷന്റെ സംസ്ഥാനത്തെ തുണിമില്ലുകളുടെ നവീകരണം**

7 (*667) ശ്രീ. എൻ. ശക്തൻ :

ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി :

ശ്രീ. കെ. ശിവദാസൻ നായർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നാഷണൽ ടെക്സ്റ്റൈൽ കോർപ്പറേഷന്റെ കീഴിൽ സംസ്ഥാനത്ത് പ്രവർത്തിക്കുന്ന തുണിമില്ലുകളുടെ നവീകരണത്തിനായി പുതിയ പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ടോ ;

(ബി) ഇതിന്റെ ഭാഗമായി സംസ്ഥാനത്തെ ഏതൊക്കെ മില്ലുകളാണ് കേന്ദ്ര സഹായത്തോടെ നവീകരിക്കാൻ തീരുമാനിച്ചിട്ടുള്ളത് ;

(സി) ഇതിനായി എത്ര കോടി രൂപയുടെ നവീകരണ പദ്ധതിക്കാണ് കേന്ദ്ര സർക്കാർ ധനസഹായം ലഭ്യമാക്കുന്നത് ;

(ഡി) ഇതിന്റെ ഭാഗമായി വിജയമോഹിനി മിൽ, ലക്ഷ്മി മിൽസ്,

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

അളഗപ്പാ മിൽസ്, കണ്ണൂർ സ്പിന്നിംഗ് മിൽ എന്നിവിടങ്ങളിൽ കൂടുതലായി എത്ര തറികൾ വീതം സ്ഥാപിക്കാനാണ് ലക്ഷ്യമിട്ടിരിക്കുന്നത് എന്ന് വ്യക്തമാക്കുമോ ;

(ഇ) ഇത്തരത്തിൽ നവീകരണ പ്രവർത്തനത്തിലൂടെ ഈ മില്ലുകളിൽ കൂടുതലായി എത്ര പേർക്ക് നേരിട്ട് തൊഴിൽ നൽകാൻ കഴിയും എന്നാണ് കരുതുന്നത് ;

(എഫ്) ഈ നവീകരണ പ്രവർത്തനങ്ങൾ എന്നത്തേയ്ക്ക് പൂർത്തീകരിക്കാനാണ് ലക്ഷ്യമിട്ടിരിക്കുന്നത് ?

വ്യവസായ വകുപ്പുമന്ത്രി (ശ്രീ. എളമരം കരീം) :

(എ)-(സി) നാഷണൽ ടെക്സ്റ്റൈൽ കോർപ്പറേഷന്റെ കീഴിലുള്ള തുണിമില്ലുകളായ ലക്ഷ്മി മിൽസ്, വിജയമോഹിനി മിൽസ്. അളഗപ്പാ മിൽസ്, കണ്ണൂർ സ്പിന്നിംഗ് മിൽസ് എന്നിവ ബി.ഐ.എഫ്.ആർ-ന്റെ പുനരുദ്ധാരണ പദ്ധതി പ്രകാരം 100.94 കോടി രൂപ മുതൽ മുടക്കിൽ നവീകരിച്ചിട്ടുണ്ട്.

(ഡി) ടി. മില്ലുകളെ സ്പിന്നിംഗ് യൂണിറ്റുകളായിട്ടാണ് നവീകരിച്ചിരിക്കുന്നത്. ആയതിനാൽ പുതിയ തറികളൊന്നും സ്ഥാപിച്ചിട്ടില്ല.

(ഇ) ഈ നാലു മില്ലുകളിലും കൂടി ഉദ്ദേശം 2172 ആളുകളെ ദിവസവും ജോലിയിൽ ഏർപ്പെടുത്തി വരുന്നു.

(എഫ്) നവീകരണ പ്രവർത്തനങ്ങൾ നടപ്പിലാക്കിക്കഴിഞ്ഞു.

**ആധുനിക കാൻസർ മരുന്നുകൾ**

8 (*668) ശ്രീ. കെ. ബി. ഗണേഷ്കുമാർ :
ശ്രീ. കെ. കെ. ഷാജു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കാൻസർ ചികിത്സാരംഗത്തെ ആധുനിക മരുന്നുകൾ സർക്കാർ ആശുപത്രികൾ, റീജിയണൽ കാൻസർ സെന്റർ തുടങ്ങിയ സ്ഥാപനങ്ങളിൽ ലഭ്യമാക്കുന്നതിന് സർക്കാർ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ ;

(ബി) കാൻസർ മരുന്നുകൾ വില കുറച്ചു നൽകുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് ;

(സി) സഹകാര്യ മേഖലയിൽ മാത്രം ഇപ്പോൾ ലഭ്യമായ കാൻസർ ചികിത്സാരംഗത്തെ ഏറ്റവും നവീനമായ മരുന്നുകൾ വിലകുറച്ച് സർക്കാർ മേഖലയിൽ ലഭ്യമാക്കുന്നതിന് സർക്കാർ പ്രത്യേക നടപടി സ്വീകരിക്കുമോ ?

ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ) :

(എ)-(സി) കാൻസർ ചികിത്സാരംഗത്ത് നിലവിൽ ആഗോള വിപണിയിൽ ലഭ്യമായിട്ടുള്ള എല്ലാ മരുന്നുകളും റീജിയണൽ കാൻസർ സെന്ററിലെ ഫാർമസിയിൽ ലഭ്യമാണ്. നിലവാരമുള്ളതും അംഗീകാരമുള്ളതുമായ കമ്പനികളിൽ

LIBRARY ARCHIVES Kerala Legislative Assembly